# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2829 09.05.17 ൽ മറുപടിയ്ക്ക്**

## ഹെവി ഡ്യൂട്ടി വാഹനങ്ങൾ

| | ചോദ്യം<br>ശ്രീ.പി.കെ.അബ്ദു റബ്ബ് | | മറുപടി<br>ശ്രീ.തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നിർമ്മാണ പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന ഹെവി ഡ്യൂട്ടി വാഹനങ്ങൾക്ക് (ജെ.സി.ബി, റോഡ് റോളർ,ക്രെയിൻ തുടങ്ങിയവ) രജിസ്ട്രേഷൻ ഏർപ്പെടുത്തിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് നിർമ്മാണ പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന ഹെവി ഡ്യൂട്ടി വാഹനങ്ങൾക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | എങ്കിൽ രജിസ്ട്രേഷനോ, നമ്പർ പ്ലേറ്റോ ഇല്ലാതെ ഇത്തരം വാഹനങ്ങൾ പ്രവർത്തിപ്പിക്കുന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ, അത്തരത്തിലുള്ള എത്ര വാഹന ഉടമകൾക്കെതിരെ എന്തൊക്കെ നടപടികൾ കഴിഞ്ഞ രണ്ട് വർഷത്തിനിടെ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | രജിസ്ട്രേഷനോ, നമ്പർ പ്ലേറ്റോ ഇല്ലാതെ ഇത്തരം വാഹനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിപ്പിക്കുന്നുണ്ടോ എന്ന കാര്യം പരിശോധിച്ച് നിയമലംഘകർക്കെതിരെ കർശന നടപടി സ്വീകരിക്കുവാൻ മോട്ടോർവാഹന വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഇത്തരത്തിലുള്ള ഓരോ വാഹനത്തിനും നിശ്ചയിച്ചിട്ടുള്ള പ്രതിവർഷ ടാക്സ് നിരക്ക് എത്രയാണ്; | (സി) | 01.04.2010 മുതൽ ജെ.സി.ബി, റോഡ് റോളർ, ക്രെയിൻ തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന വാഹനങ്ങൾക്ക് വാഹന രജിസ്ട്രേഷൻ സമയത്തു തന്നെ വാഹന വിലയുടെ 6% ഒറ്റത്തവണ നികുതിയായി ഒടുക്കേണ്ടതാണ്. |
| (ഡി) | ഇത്തരം വാഹനങ്ങൾ രജിസ്റ്റർ ചെയ്ത് നികുതി അടയ്ക്കാത്തതുമൂലം എത്ര തുകയാണ് സർക്കാരിന് ലഭിക്കാനുള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ; | (ഡി) | ഹെവി ഡ്യൂട്ടി വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്ന സമയത്ത് തന്നെ നികുതി ഈടാക്കുന്നതിനാൽ ആയിനത്തിൽ സർക്കാരിനു കുടിശ്ശികയില്ല. |
| (ഇ) | കമ്പ്യൂട്ടറൈസേഷൻ പൂർത്തിയായിട്ടുള്ള മോട്ടോർ വെഹിക്കിൾ വകുപ്പിന് ടാക്സ് കുടിശ്ശിക വരുത്തുന്ന വാഹന ഉടമകളെ കണ്ടെത്താൻ എന്തെങ്കിലും ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ടോ എന്നറിയിക്കാമോ? | (ഇ) | കമ്പ്യൂട്ടറൈസേഷനിലൂടെ രജിസ്ട്രേഷൻ നടത്തിയിട്ടുള്ള വാഹനങ്ങൾക്ക്, നികുതി കുടിശ്ശിക വരുത്തിയാൽ വാഹന ഉടമകളെ കണ്ടെത്തി റവന്യൂ റിക്കവറി അടക്കമുള്ള നടപടികൾ സ്വീകരിക്കുക വകുപ്പിന് സാദ്ധ്യമാണ്. |

സെക്ഷൻ ഓഫീസർ